ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

(ബി) ബാധകമല്ല. വസ്തു കരം പിരിക്കുന്നത് ബിൽ കളക്ടർമാരാണ്. റവന്യൂ ഇൻസ്പെക്ടർമാർ നേതൃത്വം നൽകുന്നു.

(സി) ബാധകമല്ല.

വള്ളികുന്നം പഞ്ചായത്തിലെ തോപ്പിൽഭാസി സ്മാരക പി.എച്ച്.സി.

121 [2613] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം പഞ്ചായത്തിലെ തോപ്പിൽഭാസി സ്മാരക പി.എച്ച്.സി-യിൽ 10 വർഷം മുൻപ് രോഗികളെ കിടത്തി ചികത്സിപ്പിക്കുന്നതിന് നിർമ്മിച്ച ഐ.പി.വാർഡ് പ്രവർത്തിപ്പിക്കുവാൻ വേണ്ട സ്റ്റാഫ് ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഐ. പി. യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ വേണ്ട സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ അനുവദിച്ചുകൊണ്ട് 15-7-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്) നം. 152/2004/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ	..	3 എണ്ണം
സ്റ്റാഫ് നേഴ്സ്	..	1 എണ്ണം
നേഴ്സിംഗ് അസിസ്റ്റന്റ്	..	1 എണ്ണം
ഹോസ്പിറ്റൽ അറ്റൻഡന്റ് II ഗ്രേഡ്	..	1 എണ്ണം

ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

122 [2614] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പുതുക്കി പണിയുന്നതിന് ടെണ്ടർ വിളിച്ചത് എന്നാണ് എന്നും ടെണ്ടർ ഉറപ്പിച്ചുവെങ്കിൽ എന്നാണ് എന്നും വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കെട്ടിടം എന്ന് പണി പൂർത്തിയാക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്താമോ;

(സി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 2003-04 സാമ്പത്തിക വർഷത്തിൽ എത്രപേരെ പ്രസവത്തിനായി പ്രവേശിപ്പിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിൽ എത്ര കേസ്സുകൾ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കെട്ടിടം പുതുക്കി പണിയുന്നതിന് 15-3-2004-ൽ ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ടെണ്ടർ വിളിക്കുകയും 12-5-2004-ന് ടെണ്ടർ ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2005 മാർച്ച് മാസത്തോടെ കെട്ടിടം പണി പൂർത്തിയാകുമെന്നാണ് പഞ്ചായത്ത് അധികൃതരിൽനിന്നും അറിയാൻ കഴിഞ്ഞത്.

(സി) 864 സ്ത്രീകളെ പ്രസവത്തിനായി അഡ്മിറ്റ് ചെയ്തിട്ടുണ്ട്.

(ഡി) 62 കേസുകൾ മെച്ചപ്പെട്ട ചികിത്സക്കായി റഫർ ചെയ്തിട്ടുണ്ട്.

കേരളാ സെക്കൻഡറി ഹെൽത്ത് സിസ്റ്റം ഡവലപ്പ്മെന്റ് പ്രോജക്ട്

123 [2615] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക ബാങ്കിന്റെ ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന കേരളാ സെക്കൻഡറി ഹെൽത്ത് സിസ്റ്റം ഡെവലപ്പ്മെന്റ് പ്രോജക്ട് എന്ന പദ്ധതിയെ സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് എത്ര കോടി രൂപയുടെ പദ്ധതിയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര കോടി രൂപ ഇതിനോടകം ലഭിച്ചു കഴിഞ്ഞിട്ടുണ്ടെന്നും എത്ര കോടി രൂപ ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ജില്ലകളിലാണ് ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനുദ്ദേശിച്ചിട്ടുള്ളതെന്നും പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

(എ) ആരോഗ്യമേഖലയുടെ സമഗ്രവികസനത്തിനായി 810.468 കോടി രൂപയുടെ സെക്കന്ററി ഹെൽത്ത് സിസ്റ്റം പ്രോജക്ട് എന്ന ഒരു പദ്ധതി ലോക ബാങ്കിന്റെ ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആരോഗ്യമേഖലയിലെ താലൂക്കാശുപത്രികൾ, ഗവൺമെന്റ് ആശുപത്രികൾ, സാമൂഹ്യാരോഗ്യ കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly